

# മാനുഷിക സംഘടനകൾക്കുള്ള കാലാവസ്ഥാ, പരിസ്ഥിതി ചാർട്ടർ

THE CLIMATE AND ENVIRONMENT CHARTER FOR HUMANITARIAN ORGANIZATIONS

# ആമുഖം

ഇന്നത്തെ കാലാവസ്ഥയും പാരിസ്ഥിതിക പ്രതിസന്ധികളും മനുഷ്യരാശിയുടെ നിലനിൽപ്പിന് ഭീഷണിയാണ്. നമ്മുടെ ശാരീരികവും മാനസികവുമായ ആരോഗ്യം മുതൽ ഭക്ഷണം, വെള്ളം, സാമ്പത്തിക ഭദ്രത വരെ നമ്മുടെ ജീവിതത്തിൻ്റെ എല്ലാ മാനങ്ങളെയും ബാധിക്കുന്നു. പ്രതിസന്ധികൾ എല്ലാവരെയും ബാധിക്കുന്നു, പക്ഷേ സാധാരണക്കാരെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. വർഷംതോറും ഇത് ഗുരുതരമാവുകയാണ്.

ഹരിതഗൃഹ വാതക ഉദ്വമനം കുറയ്ക്കുക, ജൈവവൈവിധ്യ നഷ്ടവും പരിസ്ഥിതി നാശവും തടയുക, വർദ്ധിച്ചുവരുന്ന അപകടസാധ്യതകളോട് പൊരുത്തപ്പെടുക, പ്രതിസന്ധികളുടെ ആഘാതങ്ങളുമായി ബന്ധപ്പെട്ട നഷ്ടങ്ങളും നാശനഷ്ടങ്ങളും കുറയ്ക്കുക എന്നിവയെ ബാധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, നമ്മുടെ നിലവിലെ തീരുമാനങ്ങൾ നിർണായകമാണ്. കൂടുതൽ മരണങ്ങളും ദുരിതങ്ങളും ഒഴിവാക്കുന്നതിന് സംയുക്തമായ ശ്രമങ്ങൾ മുഖാന്തിരം അടിയന്തിരമായ പരിവർത്തനം ആവശ്യമാണ്.

പ്രാദേശിക, ദേശീയ, അന്തർദേശീയ മാനുഷിക സംഘടനകളായി, പ്രതിസന്ധികളുടെ വ്യാപ്തിയും വർദ്ധിച്ചുവരുന്ന ആവശ്യങ്ങളോട് പ്രതികരിക്കുന്നതിലെ നമ്മുടെ ശേഷിയും സംബന്ധിച്ച് ഞങ്ങൾ ഗൗരവപൂർവം ആശങ്കപ്പെടുന്നു. അതേസമയം, ഇത് നേരിടുന്നതിനായി സമർപ്പിതമായ നടപടികൾ സ്വീകരിക്കാനുള്ള ദൃഢനിശ്ചയം അനിവാര്യമാണ്. അതിനായി, നമ്മുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും മറ്റുള്ളവരെ ഇതേ ദിശയിൽ മുന്നോട്ട് നയിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്, അതുവഴി പ്രതിസന്ധികളുടെ ആഘാതങ്ങൾ കുറഞ്ഞതും ദീർഘകാല സുസ്ഥിരത ഉറപ്പുവരുത്തുന്നതുമായ ഇടപെടലുകൾ നടത്താൻ കഴിയും.

# ഉദ്ദേശ്യം

ഈ ചാർട്ടർ, കാലാവസ്ഥാ വ്യതിയാനവും പാരിസ്ഥിതിക പ്രതിസന്ധികളും, പ്രത്യേകിച്ച് അതിന്റെ ആഘാതങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്ന സമൂഹങ്ങൾക്ക്, കൂട്ടായ പ്രവർത്തനത്തിന് പ്രേരണ നൽകുകയും ദിശാനിർദ്ദേശം നൽകുകയും ചെയ്യുന്നതിന് രൂപകല്പന ചെയ്തിരിക്കുന്നു. അടിയന്തര നടപടികളുടെ അനിവാര്യതയും, സംഘടനകളുടെ വ്യക്തിഗത ശേഷികളും ഉത്തരവാദിത്വങ്ങളും മനസ്സിലാക്കിക്കൊണ്ട്, അവരുടെ നിർദ്ദിഷ്ട ലക്ഷ്യങ്ങൾക്കും പ്രവർത്തനരീതികൾക്കും അനുസൃതമായി ഈ പ്രതിബദ്ധതകൾ പ്രാവർത്തികമാക്കണം.

ഈ ചാർട്ടർ, പാരീസ് ഉടമ്പടിയുടെ ഏറ്റവും പുതിയ ശാസ്ത്രീയ തെളിവുകളുടെയും ലക്ഷ്യങ്ങളുടെയും ദിശാനിർദ്ദേശങ്ങൾ പിന്തുടരുന്നു. കൂടാതെ, ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള സെൻഡായി ഫ്രെയിംവർക്ക്, സുസ്ഥിര വികസന ലക്ഷ്യങ്ങൾ, അന്താരാഷ്ട്ര മനുഷ്യാവകാശ നിയമം, അന്താരാഷ്ട്ര മാനുഷിക നിയമം, അന്താരാഷ്ട്ര പരിസ്ഥിതി നിയമം എന്നിവ ഉൾപ്പെടെയുള്ള പ്രസക്തമായ അന്താരാഷ്ട്ര നിയമങ്ങളും മാനദണ്ഡങ്ങളും ഇതിന് അടിസ്ഥാനമാണ്. അന്താരാഷ്ട്ര റെഡ് ക്രോസ്, റെഡ് ക്രസന്റ്, ദുരന്ത നിവാരണത്തിലെ എൻജിഒകൾ എന്നിവയ്ക്കുള്ള പെരുമാറ്റച്ചട്ടം, ഗുണനിലവാരവും ഉത്തരവാദിത്തവും സംബന്ധിച്ച കോർ മാനുഷിക മാനദണ്ഡം, സംരക്ഷണ പ്രവർത്തനത്തിനുള്ള പ്രൊഫഷണൽ മാനദണ്ഡങ്ങൾ, സ്ഫിയർ ഹാൻഡ്ബുക്ക് എന്നിവ പോലുള്ള പ്രധാന മാനുഷിക മാനദണ്ഡങ്ങളെ ഇത് അടിസ്ഥാനമാക്കുന്നു.

പ്രാദേശിക, ദേശീയ, അന്തർദേശീയ മാനുഷിക സംഘടനകളായി ഒരുമിച്ച് നിൽക്കുമ്പോൾ, നമ്മൾ ഇനിപ്പറയുന്നവ ചെയ്യാൻ പ്രതിജ്ഞാബദ്ധരാണ്:

## 1. വളർന്നുവരുന്ന മാനുഷിക ആവശ്യങ്ങൾക്ക് ശക്തമായ പ്രതികരണം നൽകുകയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പരിസ്ഥിതിപരമായ പ്രതിസന്ധികളുടെയും ആഘാതങ്ങളെ നേരിടുന്നതിനായി സമൂഹങ്ങളെ പ്രാപ്തമാക്കുകയും ചെയ്യുന്നു.

കാലാവസ്ഥാ വ്യതിയാനത്തിന് പൊരുത്തപ്പെടൽ, ദുരന്തസാധ്യത കുറയ്ക്കൽ, മുൻകൂർ നടപടികൾ എന്നിവയിൽ ശക്തമായ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ, പ്രതിസന്ധികളാൽ ഉണ്ടാകുന്ന ആഘാതങ്ങൾ, സമ്മർദ്ദങ്ങൾ, ദീർഘകാല മാറ്റങ്ങൾ എന്നിവയുടെ അപകടസാധ്യതയും അതിനെ അനുഭവിക്കുന്ന സമൂഹങ്ങളുടെ ദുർബലതയും ഗണ്യമായി കുറയ്ക്കാൻ കഴിയും. ഈ ലക്ഷ്യത്തോടെ, തയ്യാറെടുപ്പ്, പ്രതികരണം, വീണ്ടെടുക്കൽ എന്നിങ്ങനെ ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലൂടെയും, ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതിജന്യ അപകടസാധ്യതകളും കൃത്യമായി വിലയിരുത്തുകയും അഭിസംബോധന ചെയ്യുകയും ചെയ്യും.

ലിംഗഭേദം, പ്രായം, വൈകല്യം, ഘടനാപരമായ അസമത്വം, നിയമപരമായ നില, ദാരിദ്ര്യം, പാർശ്വവൽക്കരണം, സ്ഥാനചലനം, കുടിയേറ്റം, പൊതുജനാരോഗ്യ അടിയന്തരാവസ്ഥകൾ അല്ലെങ്കിൽ സായുധ സംഘർഷം തുടങ്ങിയ വ്യക്തിഗത സവിശേഷതകൾ ജനങ്ങളുടെ ശേഷികളിലും ദുർബലതകളിലും ചെലുത്തുന്ന സ്വാധീനം കണക്കിലെടുത്ത്, ഏറ്റവും കൂടുതൽ അപകടസാധ്യതയുള്ളവരെ സംരക്ഷിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു.

## 2. നമ്മുടെ പ്രവർത്തനങ്ങളുടെ പരിസ്ഥിതിപരമായ സുസ്ഥിരത പരമാവധി വർദ്ധിപ്പിക്കുകയും ഹരിതഗൃഹ വാതക ഉദ്‌വമനം ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു.

"ദ്രോഹം ചെയ്യരുത്" എന്ന തത്വത്തിന് അനുസൃതമായി, സമയബന്ധിതവും തത്വാധിഷ്ഠിതവുമായ മാനുഷിക സഹായം നൽകാനുള്ള കഴിവ് നിലനിർത്തിക്കൊണ്ടുതന്നെ, പരിസ്ഥിതിക്കും കാലാവസ്ഥയ്ക്കും വരുത്തുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കുകയും കുറയ്ക്കുകയും നിയന്ത്രിക്കുകയും ചെയ്യും. നമുക്ക് ലഭ്യമായ ഏറ്റവും മികച്ച പരിസ്ഥിതി നയങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതോടെ, ഞങ്ങളുടെ പ്രവർത്തനങ്ങളുടെ പാരിസ്ഥിതിക ദീർഘകാല പ്രതിഫലങ്ങൾ കൃത്യമായി വിലയിരുത്തും. ആഗോള മാനദണ്ഡങ്ങൾക്കും ലക്ഷ്യങ്ങൾക്കും അനുസൃതമായി, ഞങ്ങൾ ഹരിതഗൃഹ വാതക ഉദ്‌വമനം കൃത്യമായി അളക്കി ഗണ്യമായി കുറയ്ക്കാൻ പ്രതിജ്ഞാബദ്ധരാണ്. ആവശ്യമെങ്കിൽ, വനസംരക്ഷണവും ഭൂമിയുടെ പുനഃസ്ഥാപനവും ഉൾപ്പെടെയുള്ള ഉയർന്ന നിലവാരമുള്ള ഉദ്‌വമനം കുറയ്ക്കൽ പദ്ധതികൾക്ക് പിന്തുണ നൽകുകയും ചെയ്യുന്നു വെള്ളം ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങൾ ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യുകയും ഉപയോഗത്തിലേക്ക് ലക്ഷ്യമിടുകയും ചെയ്യും. കൂടാതെ, പ്രവർത്തനങ്ങളുടെ ഭാഗമായി ഉൽപ്പാദിപ്പിക്കുന്ന മാലിന്യങ്ങൾ പരമാവധി കുറയ്ക്കുകയും ശരിയായ രീതിയിൽ സംസ്കരിക്കുകയും ചെയ്യും, ഇത് പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള ഞങ്ങളുടെ ദീർഘകാല പ്രതിജ്ഞയുടെ ഭാഗമായിരിക്കും.

## 3. പ്രാദേശിക നേതൃത്വവും കമ്മ്യൂണിറ്റികളുടെയും അനുഭവപരിചയവും ഏറ്റെടുക്കുക

നമ്മുടെ പ്രവർത്തനങ്ങൾ പ്രാദേശിക നേതാക്കളുടെയും കമ്മ്യൂണിറ്റികളുടെയും ദൃഷ്ടികോണവും അനുഭവപരിചയവും വഴി നയിക്കപ്പെടും. മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയും പരിസ്ഥിതിപരമായ അപകടസാധ്യതകളും നേരിടുന്നതിനുള്ള മികച്ച തയ്യാറെടുപ്പുകൾ ഒരുക്കുന്നതിനായി, ഞങ്ങൾ ഈ നേതാക്കളെയും കമ്മ്യൂണിറ്റികളെയും ശക്തിപ്പെടുത്താൻ പ്രതിജ്ഞാബദ്ധരാണ്. പ്രകൃതിക്ക് അടിസ്ഥാനമായ പരിഹാരങ്ങൾ ഉൾപ്പെടുന്ന, അനുകൂലമായ പൊരുത്തപ്പെടുത്തൽ നടപടികളുടെയും, ലഘൂകരണത്തിന്റെയും പ്രാദേശിക, പരമ്പരാഗത, തദ്ദേശീയ അറിവുകൾ നന്നായി പഠിച്ച് അവയെ പ്രയോഗിച്ചുകൊണ്ട് പ്രവർത്തിക്കപ്പെടും. പരിപാടികളുടെ രൂപകൽപ്പന, മാനേജ്മെന്റ്, നടപ്പാക്കൽ, വിലയിരുത്തൽ എന്നിവയിൽ പ്രാദേശിക നേതാക്കളുടെയും ആളുകളുടെയും അർത്ഥവത്തായതും ഉൾക്കൊള്ളുന്നതുമായ പങ്കാളിത്തവും നേതൃത്വം ഉറപ്പാക്കാൻ ഞങ്ങൾ ഏകോപിതമായ പ്രക്രിയകൾ ഉപയോഗിക്കും.

## 4. കാലാവസ്ഥയും പാരിസ്ഥിതിക അപകടങ്ങളും മനസ്സിലാക്കാനും തെളിവുകൾ അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ വികസിപ്പിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കുക

അപകടസാധ്യതകൾ കുറയ്ക്കുന്നതിനും, പ്രതിസന്ധികൾ മുൻകൂട്ടി കാണുന്നതിനും, നേരത്തെ പ്രവർത്തിക്കുന്നതിനും, കൂടാതെ നമ്മുടെ പ്രവർത്തനങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും, ഹ്രസ്വ-ദീർഘകാല കാലാവസ്ഥയും, പാരിസ്ഥിതിക അപകടസാധ്യതകളും അവയുടെ അവസരങ്ങളും മനസ്സിലാക്കുന്നതിനുള്ള നമ്മുടെ ധാരണ മെച്ചപ്പെടുത്തുന്നതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. സാധ്യമാകുമ്പോൾ, ഡാറ്റ ദൗർലഭ്യത്തിനെ മറികടക്കുന്നതിനും, പ്രസക്തവും ആക്സസ് ചെയ്യാവുന്നതുമായ ഡാറ്റയും വിശകലനവും സൃഷ്ടിച്ച്, അവ സാമൂഹികമായും പ്രാദേശികമായും പങ്കുവെച്ച് പ്രയോഗിക്കാൻ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. എല്ലാ പ്രവർത്തനങ്ങളിലും ഈ അപകടസാധ്യതകൾ പരിഹരിക്കുന്നതിന് ഞങ്ങൾ ശാസ്ത്രം, തെളിവുകൾ, സാങ്കേതികവിദ്യ, ആശയവിനിമയം എന്നിവയുടെ ഉപയോഗിക്കുക.

## 5. കാലാവസ്ഥയും പാരിസ്ഥിതിക പ്രവർത്തനവും ശക്തിപ്പെടുത്തുന്നതിന് മാനുഷിക മേഖലയിലും അതിനപ്പുറവും സഹകരിച്ച് പ്രവർത്തിക്കുക

മാനുഷിക സംവിധാനത്തിലുടനീളം, പ്രത്യേകിച്ച് പ്രാദേശിക, ദേശീയ, അന്തർദേശീയ പ്രവർത്തകർക്കിടയിൽ, സഹകരണം വർദ്ധിപ്പിക്കുക. അപകടസാധ്യതകൾ കൈകാര്യം ചെയ്യുന്നതിനും സുസ്ഥിരമായ ഇടപെടലുകൾ വികസിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളുടെ തുടർച്ച ഉറപ്പാക്കാൻ പ്രാദേശിക, ദേശീയ അധികാരികൾ, പരിസ്ഥിതി, വികസന, മനുഷ്യാവകാശ പ്രവർത്തകർ, അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ മേഖല, ഗവേഷകർ, വിതരണക്കാർ, ദാതാക്കൾ എന്നിവരുമായും പ്രവർത്തിക്കുക. ജനകേന്ദ്രീകൃതവും കാലാവസ്ഥാ-പ്രതിരോധശേഷിയുള്ളതും ഉൾക്കൊള്ളുന്നതുമായ വികസനം രൂപപ്പെടുത്താൻ സഹായിക്കുന്നതിന് ഞങ്ങളുടെ അറിവും ഉൾക്കാഴ്ചകളും പങ്കുവെക്കുക.

## 6. അടിയന്തിരവും കൂടുതൽ അഭിലഷണീയവുമായ കാലാവസ്ഥാ പ്രവർത്തനങ്ങളും പരിസ്ഥിതി സംരക്ഷണവും അണിനിരത്താൻ ഞങ്ങളുടെ സ്വാധീനം ഉപയോഗിക്കുക

കാലാവസ്ഥാ, പാരിസ്ഥിതിക പ്രതിസന്ധികളുടെ കാരണങ്ങളും അനന്തരഫലങ്ങളും കുറയ്ക്കുന്നതിനും പരിഹരിക്കുന്നതിനും എല്ലാ തലങ്ങളിലും സർക്കാരുകൾ, സംഘടനകൾ, സ്വകാര്യ മേഖല, വ്യക്തികൾ എന്നിവർ അഭിലഷണീയമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുക. നിയമങ്ങൾ, നയങ്ങൾ, നിക്ഷേപങ്ങൾ, കീഴ്വഴക്കങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടതുൾപ്പെടെയുള്ള തീരുമാനങ്ങൾ എടുക്കുന്നതിനും സ്വാധീനിക്കുന്നതിനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. പ്രസക്തമായ അന്തർദേശീയവും ദേശീയവുമായ നിയമങ്ങൾ, മാനദണ്ഡങ്ങൾ, നയങ്ങൾ, ശക്തമായ കാലാവസ്ഥാ പ്രവർത്തനത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമുള്ള പദ്ധതികൾ എന്നിവയുടെ മെച്ചപ്പെട്ട നടപ്പാക്കൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും ശക്തിപ്പെടുത്തുക.

## 7. നമ്മുടെ പ്രതിബദ്ധതകൾ നടപ്പിലാക്കുന്നതിനനുസരിച്ച് ലക്ഷ്യങ്ങൾ വികസിപ്പിക്കുകയും പുരോഗതി അളക്കുകയും ചെയ്യുക

കാലാവസ്ഥയിലും പരിസ്ഥിതിയിലും നമ്മുടെ പ്രവർത്തനങ്ങൾ ചെലുത്തുന്ന സ്വാധീനം കർശനമായി അളക്കുകയും സുതാര്യമായി റിപ്പോർട്ട് ചെയ്യുകയും ചെയ്യുക, കൂടാതെ ആളുകളിൽ നിന്ന് ഫീഡ്ബാക്ക് തേടുകയും ചെയ്യുക. ഈ ചാർട്ടർ സ്വീകരിച്ചതിന് ശേഷം, പ്രസക്തമായ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉപയോഗിച്ച് ഒരു വർഷത്തിനുള്ളിൽ (ഇതിനകം നിലവിൽ വന്നിട്ടില്ലെങ്കിൽ) പ്രതിബദ്ധതകൾ സമയബന്ധിതമായ ലക്ഷ്യങ്ങളിലേക്കും പ്രവർത്തന പദ്ധതികളിലേക്കും വിവർത്തനം ചെയ്യും. നമ്മുടെ അഭിലാഷങ്ങൾ വർദ്ധിക്കുകയും നമ്മുടെ അറിവും ശേഷിയും വികസിക്കുകയും ചെയ്യുമ്പോൾ ലക്ഷ്യങ്ങൾ പതിവായി അവലോകനം ചെയ്യേണ്ടി വന്നേക്കാം. നമ്മുടെ പ്രവർത്തന രീതികൾ മാറ്റുന്നത് മാനസികാവസ്ഥകളിലും സമീപനങ്ങളിലും മാറ്റങ്ങൾ വരുത്തും, അതുപോലെ തന്നെ ഗണ്യമായ പരിവർത്തന, പരിപാലന ചെലവുകളും വരുത്തും. നമ്മുടെ പ്രതിബദ്ധതകൾ കൈവരിക്കുന്നതിന് ആവശ്യമായ വിഭവങ്ങൾ ഞങ്ങൾ നിക്ഷേപിക്കുകയും നടപ്പാക്കൽ പ്രക്രിയയിൽ പരസ്പരം പിന്തുണയ്ക്കുകയും ചെയ്യും. നമ്മുടെ ദാതാക്കളുടെ പിന്തുണ അത്യന്താപേക്ഷിതമായിരിക്കും.

# അനുബന്ധം: പദാവലി

**പൊരുത്തപ്പെടുത്തൽ (കാലാവസ്ഥാ വ്യതിയാനവുമായി):** മാറുന്ന കാലാവസ്ഥയുമായി പൊരുത്തപ്പെടാൻ നമ്മൾ എന്താണ് ചെയ്യുന്നത് - അതാണ് യഥാർത്ഥ അല്ലെങ്കിൽ പ്രതീക്ഷിക്കുന്ന കാലാവസ്ഥയും അതിൻ്റെ ഫലങ്ങളും. മാനുഷിക വ്യവസ്ഥകളിൽ, പൊരുത്തപ്പെടുത്തൽ മോഡറേറ്റ് ചെയ്യാനോ ഉപദ്രവം ഒഴിവാക്കാനോ അല്ലെങ്കിൽ പ്രയോജനകരമായ അവസരങ്ങൾ ചൂഷണം ചെയ്യാനോ ശ്രമിക്കുന്നു. ചില പ്രകൃതിദത്ത സംവിധാനങ്ങളിൽ, പ്രതീക്ഷിക്കുന്ന കാലാവസ്ഥാ വ്യതിയാനവും അതിൻ്റെ പ്രത്യാഘാതങ്ങളും ക്രമീകരിക്കാൻ മനുഷ്യൻ്റെ ഇടപെടൽ സഹായിച്ചേക്കാം **(IPCC, 2018).**

**മുൻകൂർ നടപടി:** ആഘാതത്തിന് മുമ്പോ അല്ലെങ്കിൽ തീവ്രമായ ആഘാതങ്ങൾ അനുഭവപ്പെടുന്നതിന് മുമ്പോ ഉണ്ടാകാൻ സാധ്യതയുള്ള ദുരന്ത ആഘാതങ്ങൾ തടയുന്നതിനോ ലഘൂകരിക്കുന്നതിനോ വേണ്ടി സ്വീകരിച്ച ഒരു കൂട്ടം നടപടികൾ. ഒരു അപകട ആഘാതം പ്രതീക്ഷിച്ചും ഇവൻ്റ് എങ്ങനെ വികസിക്കുമെന്നതിൻ്റെ പ്രവചനത്തിൻ്റെ

അടിസ്ഥാനത്തിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. മുൻകൂർ നടപടികൾ അപകടസാധ്യത കുറയ്ക്കുന്നതിനുള്ള ദീർഘകാല നിക്ഷേപത്തിന് പകരമാകരുത്, അപകടസാധ്യതകൾ കൈകാര്യം ചെയ്യാനുള്ള ആളുകളുടെ ശേഷി ശക്തിപ്പെടുത്തുക (ആൻ്റിസിപേഷൻ ഹബ്, **2020).**

**ജൈവവൈവിധ്യ നഷ്ടം:** മരണം (വംശനാശം ഉൾപ്പെടെ), നാശം അല്ലെങ്കിൽ സ്വമേധയാ നീക്കം ചെയ്യൽ എന്നിവയിലൂടെ ഒരു പ്രത്യേക പ്രദേശത്ത് ജൈവ വൈവിധ്യത്തിൻ്റെ (അതായത് ജനിതക, സ്പീഷിസ്, ആവാസവ്യവസ്ഥയുടെ തലങ്ങളിലെ വൈവിധ്യം) നഷ്ടപ്പെടുന്നു; ആഗോള വംശനാശം മുതൽ ജനസംഖ്യാ വംശനാശം വരെയുള്ള നിരവധി സ്കെയിലുകളെ ഇതിന് പരാമർശിക്കാൻ കഴിയും, അതിൻ്റെ ഫലമായി ഒരേ സ്കെയിലിൽ മൊത്തം വൈവിധ്യം കുറയുന്നു **(IPBES കോർ ഗ്ലോസറി, 2021).**

**കാലാവസ്ഥാ നടപടി:** കാലാവസ്ഥാ വ്യതിയാനത്തെയും അതിന്റെ ആഘാതത്തെയും ചെറുക്കുന്നതിനുള്ള അടിയന്തര നടപടി, അതുപോലെ തന്നെ എല്ലാ രാജ്യങ്ങളിലും കാലാവസ്ഥാ സംബന്ധമായ അപകടങ്ങളെയും പ്രകൃതിദുരന്തങ്ങളെയും ചെറുക്കാനുള്ള പ്രതിരോധശേഷിയും പൊരുത്തപ്പെടുത്തൽ ശേഷിയും ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ. കാലാവസ്ഥാ നടപടി ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ **(ECOSOC, 2019)** വിഷയമാണ്.

**കാലാവസ്ഥാ**, **പാരിസ്ഥിതിക പ്രതിസന്ധികളിൽ** തീവ്രമായ കാലാവസ്ഥയും കാലാവസ്ഥാ സംഭവങ്ങളും, ജൈവവൈവിധ്യ നഷ്ടം, വായു മലിനീകരണം, ഭൂമിയുടെ നശീകരണം, സുസ്ഥിരമല്ലാത്ത ഉൽപാദനവും ഉപഭോഗവും, ഹരിതഗൃഹ വാതക ഉദ്‌വമനം, കടൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ, അമിതമായി ചൂഷണം ചെയ്യപ്പെടുന്ന പ്രകൃതി വിഭവങ്ങൾ, ആൻ്റിബയോട്ടിക് പ്രതിരോധശേഷിയുള്ള അണുബാധകൾ, അപകടകരമായ വസ്തുക്കളുടെയും കീടനാശിനികളുടെയും ഹാനികരമായ ഉപയോഗം എന്നിവ ഉൾപ്പെടുന്നു. യുഎൻഇപി: **ജിയോ-6, 2019).**

**പാരിസ്ഥിതിക സുസ്ഥിരത:** എല്ലാ ആളുകളെയും ഇന്നും ഭാവിയിലും നന്നായി ജീവിക്കാൻ അനുവദിക്കുന്നതിനുള്ള കഴിവ് കുറയ്ക്കാതെ തന്നെ പരിസ്ഥിതിയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന ഒരു അവസ്ഥ **(GEMET, 2020).** പാരിസ്ഥിതിക സുസ്ഥിരത കാലാവസ്ഥാ പ്രവർത്തനത്തേക്കാൾ വിശാലമാണെങ്കിലും, കാലാവസ്ഥയും പാരിസ്ഥിതിക ആഘാതങ്ങളും പരിമിതപ്പെടുത്തുന്നത് കാലാവസ്ഥാ വ്യതിയാനത്തെ ലഘൂകരിക്കാൻ സഹായിക്കും, ഉദാഹരണത്തിന് ഉദ്‌വമനവും ഹരിതവൽക്കരണ രീതികളും കുറയ്ക്കുന്നതിലൂടെയും കാലാവസ്ഥാ വ്യതിയാനത്തോടുള്ള ജനങ്ങളുടെ പ്രതിരോധം ശക്തിപ്പെടുത്തുന്നതിനും **(IUCN, തീയതിയില്ല; IUCN, 2015; GEMET , 2020).**

**ലഘൂകരണം (കാലാവസ്ഥാ വ്യതിയാനം):** ഹരിതഗൃഹ വാതക ഉദ്‌വമനം പരിമിതപ്പെടുത്തുകയോ തടയുകയോ ചെയ്യുന്ന പ്രവർത്തനം, അന്തരീക്ഷത്തിൽ നിന്ന് ഈ വാതകങ്ങളെ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുന്നു **(IPCC, 2018).**

**പ്രകൃതി അധിഷ്ഠിത പരിഹാരങ്ങൾ:** സാമൂഹിക വെല്ലുവിളികളെ ഫലപ്രദമായും അനുകൂലമായും അഭിമുഖീകരിക്കുന്ന പ്രകൃതിദത്തവും പരിഷ്ക്കരിച്ചതുമായ ആവാസവ്യവസ്ഥകളെ സംരക്ഷിക്കുന്നതിനും സുസ്ഥിരമായി കൈകാര്യം ചെയ്യുന്നതിനും പുനഃസ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, ഒരേസമയം മനുഷ്യൻ്റെ ക്ഷേമവും ജൈവവൈവിധ്യ ആനുകൂല്യങ്ങളും നൽകുന്നു **(IUCN, 2016).**

Source: https://www.climate-charter.org/ Developed and *Malayalam* language translation by All India Disaster Mitigation Institute (AIDMI).